## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 6293 — 03.04.2018-ൽ മറുപടിക്ക്

# എറണാകുളം ജില്ലയിലെ മൊബൈൽ ക്ലിനിക്കുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ആന്റണി ജോൺ : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ വകുപ്പിന്റെ എത്ര മൊബൈൽ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | എ) | തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട്, ഇടുക്കി എന്നിവിടങ്ങളിലായി ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ വകുപ്പിന്റെ കീഴിൽ സ്ഥിരം സംവിധാനമായി പ്രവർത്തിച്ച് പോരുന്നു. ഇതിനു പുറമെ 2016-17 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് പാലക്കാട്, മലപ്പുറം, വയനാട് എന്നീ ജില്ലയിൽ ഹിന്ദുസ്ഥാൻ ലാറ്റക്സ് ഫാമിലി പ്ലാനിംഗ് പ്രമോഷൻ ട്രസ്റ്റിന്റെ നേതൃത്വത്തിൽ 3 മൊബൈൽ മെഡിക്കൽ ക്ലിനിക്ക് പ്രവർത്തിച്ചിരുന്നു.<br>2017-18 സാമ്പത്തിക വർഷത്തിൽ ആരോഗ്യ മേഖലയ്ക്ക് കൂടുതൽ ഊന്നൽ നൽകുന്നതിനായി കൊല്ലം, ഇടുക്കി, പാലക്കാട്, കണ്ണൂർ, വയനാട്, കാസർഗോഡ്, പത്തനംതിട്ട, മലപ്പുറം, തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, വയനാട്, പാലക്കാട് (അട്ടപ്പാടി) എന്നീ ജില്ലകളിലായി 14 മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ നടപ്പിലാക്കുന്നതിനുള്ള അനുമതി ലഭ്യമായിട്ടുണ്ട്. ഇതിൽ 6 മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ (കൊല്ലം, ഇടുക്കി, പാലക്കാട്, കണ്ണൂർ, വയനാട്, കാസർഗോഡ്) 30.11.2017-ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>ശേഷിക്കുന്ന 8 മൊബൈൽ മെഡിക്കൽ ക്ലിനിക്കുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിന് സജ്ജമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | എറണാകുളം ജില്ലയിൽ ഇതിന്റെ മേൽനോട്ടം ആർക്കാണെന്ന് വ്യക്തമാക്കുമോ; | ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിനെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| സി) | പതിനാറിലധികം ആദിവാസി കോളനികളുള്ള കോതമംഗലം മണ്ഡലത്തിൽ മൊബൈൽ ക്ലിനിക്കിന്റെ സേവനം ലഭ്യമാകുന്നുണ്ടോ; വിശദമാക്കുമോ; | സി) | വിവരം ശേഖരിച്ചുവരുന്നു. |
| ഡി) | പ്രസ്തുത മണ്ഡലത്തിൽ എല്ലാ കോളനികളിലും മൊബൈൽ ക്ലിനിക് സേവനം എത്തുന്നുയെന്ന് ഉറപ്പ് വരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | ഡി) | പ്രസ്തുത വാഹനത്തിൽ ജി.പി.എസ് സംവിധാനം ഘടിപ്പിച്ചിട്ടുള്ളതിനാൽ ടി വാഹനങ്ങൾ എവിടെയാണെന്ന് മനസ്സിലാക്കാൻ സാധിക്കും. പ്രസ്തുത മണ്ഡലത്തിലെ തെരഞ്ഞെടുക്കപ്പെടുന്ന കോളനികളിൽ ഇത്തരത്തിലുള്ള ആധുനിക രീതിയിലുള്ള മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ഇ) | ഈ മണ്ഡലത്തിലെ മൊബൈൽ ക്ലിനിക്കുകളുടെ യാത്രാ ഷെഡ്യൂളും കഴിഞ്ഞ ഒരു വർഷത്തെ റിപ്പോർട്ടും ലഭ്യമാക്കുമോ? | ഇ) | വിവരം ശേഖരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ